ആദിവാസി ആരോഗ്യബോധവൽക്കരണ പ്രൊമോട്ടർമാർ

290 (2528) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികൾക്കിടയിൽ ആരോഗ്യ ബോധവൽക്കരണം നടത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) ആരോഗ്യ ബോധവൽക്കരണത്തിനായി പ്രൊമോട്ടർമാരെ നിയമിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(സി) പ്രൊമോട്ടർമാർക്ക് എന്തെല്ലാം പരിശീലനങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത പ്രൊമോട്ടർമാരെ തെരഞ്ഞെടുക്കുന്ന രീതി വിശദമാക്കാമോ ?

ഉത്തരം

(എ) ആദിവാസികൾക്കിടയിൽ ആരോഗ്യ ബോധവത്ക്കരണം നടത്തുന്നതിനായി സാമൂഹ്യ ഐക്യദാർഢ്യപക്ഷാചാരണത്തോടനുബന്ധിച്ച് ആരോഗ്യ വകുപ്പുമായി ചേർന്ന് ബോധവത്ക്കരണ പരിപാടികൾ നടത്തിവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള മൊബൈൽ മെഡിക്കൽ യൂണിറ്റിലെ ഡോക്ടർമാരുടെ നേതൃത്വത്തിൽ പ്രത്യേക ആരോഗ്യ ബോധവത്ക്കരണ പരിപാടികൾ പട്ടികവർഗ്ഗ സങ്കേതങ്ങൾ കേന്ദ്രീകരിച്ച് സംഘടിപ്പിക്കുന്നുണ്ട്. മഴക്കാലപൂർവ്വ രോഗങ്ങൾ മുന്നിൽ കണ്ട് ആരോഗ്യ ബോധവത്ക്കരണ പരിപാടികൾ വിവിധ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ നടത്തിവരുന്നുണ്ട്. കിർത്താഡ്സ് മുഖാന്തരം ആരോഗ്യ അവബോധ പരിപാടിയും ആരോഗ്യ ക്യാമ്പും സംഘടിപ്പിച്ചുവരുന്നു. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പും ആരോഗ്യ വകുപ്പുമായി ചേർന്ന് 18 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ സ്റ്റുഡന്റ് ഹെൽത്ത് പ്രൊമോട്ടർ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ഇവർ പട്ടികവർഗ്ഗ കോളനികളിൽ ആരോഗ്യ ബോധവത്ക്കരണം നടത്തിവരുന്നു.

(ബി) ഇല്ല. നിലവിൽ ആരോഗ്യ ബോധവത്ക്കരണ പരിപാടികളിൽ പ്രൊമോട്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2014 വർഷം പുതിയതായി തെരഞ്ഞെടുക്കപ്പെട്ട എസ് റ്റി. പ്രൊമോട്ടർമാർക്ക് വിവിധ ജില്ലകളിൽ 23 സ്ഥലങ്ങളിലായി പരിശീലന പരിപാടികൾ സംഘടിപ്പിച്ച് ആരോഗ്യമേഖല ഉൾപ്പെടെയുള്ള വിഷയങ്ങളിൽ പരിശീലനം നൽകിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് പ്രചാരത്തിലുള്ള മാധ്യമങ്ങളിൽ പരസ്യം നൽകി ആയതിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്ന അപേക്ഷകളിൽ നിന്നും നിർദ്ദിഷ്ട യോഗ്യതയുള്ളവരെ ഓരോ ജില്ലകളിലും പ്രത്യേകമായി ഇന്റർവ്യൂ നടത്തുകയും അതിൽ നിന്നും യോഗ്യതയുടെയും മാനദണ്ഡത്തിന്റെയും അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി മുൻഗണനാ ക്രമത്തിലാണ് പ്രൊമോട്ടർമാരെ നിയമിക്കുന്നത്.

പ്രാക്തന ഗോത്ര വർഗ്ഗ പദ്ധതി

291 (2529) <u>ശ്രീ. വി. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രാക്തന ഗോത്ര വർഗ്ഗ പദ്ധതിയിൽ ഇതുവരെ എത്ര രൂപ ചെലവഴിച്ചു ;

(ബി) ഈ പദ്ധതിയുടെ ഭാഗമായി കിണർ നിർമ്മിച്ച് വെള്ളം സംഭരിച്ച് പ്രകൃതിദത്ത ഉറവിടത്തിൽ നിന്നും വെള്ളം വിതരണം ചെയ്യുന്ന പദ്ധതി നടപ്പാക്കിയത് ഏതെല്ലാം ഊരിലാണ്; ഓരോ സ്ഥലത്തും എത്ര രൂപ ചെലവായെന്ന് വ്യക്തമാക്കാമോ ;

(സി) പ്രാക്തന ഗോത്ര പദ്ധതിയുടെ ഭാഗമായി അട്ടപ്പാടിയിൽ മാത്രം എത്ര രൂപ ചെലവഴിച്ചു ; ഈ പദ്ധതിയുടെ ഭാഗമായി അട്ടപ്പാടിയിലെ ഏതെല്ലാം ഊരുകളിൽ എത്ര വീടുകൾ നിർമ്മിക്കാൻ പദ്ധതിയിട്ടു ; അതിൽ പൂർത്തീകരിച്ചത് എത്ര ; പൂർത്തീകരിക്കാത്തത് എത്ര ; വിശദാംശം നല്കുമോ ;

(ഡി) അട്ടപ്പാടിയിൽ മറ്റെന്തെല്ലാം കാര്യങ്ങൾക്കാണ് പദ്ധതിയുടെ ഫണ്ട് ചെലവഴിച്ചത് ; ഓരോന്നിനും എത്ര രൂപ ചെലവഴിച്ചുവെന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) പ്രാക്തന ഗോത്രവർഗ്ഗ പദ്ധതിയിൽ പതിമൂന്നാം ധനകാര്യ കമ്മീഷന്റെ പ്രത്യേക അവാർഡ് ഇനത്തിൽ ലഭിച്ച 148 കോടി രൂപ ഉൾപ്പെടെ ഇതുവരെ 1,17,89,39,001 രൂപ ചെലവഴിച്ചു.

(ബി) പി.വി.റ്റി.ജി. പദ്ധതി പ്രകാരം കിണർ നിർമ്മിച്ച് വെള്ളം സംഭരിച്ച് വിതരണം ചെയ്യുന്ന പദ്ധതി താഴെ പറയുന്ന ഊരുകളിൽ (കോളനി) നടപ്പാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly